പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1629

17/06/2013 -ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.ശിവൻകുട്ടി** | | **ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ദിവസ വേതനാടിസ്ഥാനത്തിൽ 2011 ജൂൺ മുതൽ 2013 ജൂൺ 1 വരെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ; പ്രസ്തുത നിയമനങ്ങൾക്കു സ്വീകരിച്ച മാനദണ്ഡം എന്താണ് ; | എ) | 2011 ജൂൺ മുതൽ 2013 ജൂൺ 1 വരെ 46 (നാല്പത്തിയാറ്) പേരേയാണ് ഈ വകുപ്പിൽ നിന്നും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. ജോലിയിലുള്ള കഴിവ്, താല്പര്യം, ശാരീരിക ക്ഷമത തുടങ്ങിയവ പരിഗണിച്ചാണ് പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളത്. |
| ബി) 01.03.2011-ലെ ജി.ഒ. (എം.എസ്) നമ്പർ 79/2011/ജി.എ.ഡി എന്ന ഉത്തരവ് നിലനിൽക്കെ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി 21.05.2013-ൽ സ ഉ (കൈ) നമ്പർ 142/2013/പൊ.ഭ.വ ഉത്തരവു പുറപ്പെടുവിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ;<br>സി) ക്രമവിരുദ്ധമായി 21.05.2013-ൽ പ്രസ്തുത ഉത്തരവു പുറപ്പെടുവിച്ച പൊതുഭരണ (സർവ്വീസസ്-സി) വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) യും, സി) യും | പൊതുഭരണ സെക്രട്ടേറിയറ്റിൽ ടെലഫോൺ ക്ലീനിംഗിനായി 3 സ്ഥിരം ജീവനക്കാരും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സാനിറ്റേഷൻ വിഭാഗത്തിലെ 2 ജീവനക്കാരുമാണുള്ളത്. ഏകദേശം 7000 ഓളം ഇലക്ട്രോണിക്സ് ഉപകരണങ്ങളാണ് സെക്രട്ടേറിയറ്റിൽ ക്ലീൻ ചെയ്യേണ്ടതായിട്ടുള്ളത്. ഇത്രയധികം ഉപകരണങ്ങൾ ശരിയായ രീതിയിൽ ക്ലീൻ ചെയ്യുന്നതിന് നിലവിലുള്ള 3 സ്ഥിരം ജീവനക്കാരുടെ സേവനം മതിയാകില്ല എന്നും ടെലഫോൺ കം കമ്പ്യൂട്ടർ ക്ലീനർ തസ്തികയിൽ രണ്ട് പേർക്ക് സ്ഥിരം നിയമനം നൽകിയാൽ വർക്കിംഗ് അറേഞ്ച്മെന്റിലുള്ള സാനിറ്റേഷൻ ജീവനക്കാർക്ക് ക്ലീനിംഗ് ജോലിയിൽ തുടരാനും അതുവഴി ക്ലീനിംഗ് ജോലികൾ സുഗമമാക്കുവാനും കഴിയും എന്നതിനാലാണ് 21/05/2013-ാം തീയതിയിലെ സ.ഉ (കൈ) നം. 142/2013-പൊ.ഭ.വ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ